മത്താ. 16:13 - 23

നവംബർ 5: വചനിപ്പ് കാലം

ഭാഷ്യം

I. സന്ദർഭം

ദൈവപുത്രനും ക്രിസ്തുവുമായ യേശു (1:1-4:11) പഠിപ്പിക്കുന്നത് ദൈവ പുത്രരാകാനുള്ള മാർഗവും സ്വർഗരാജ്യത്തിൽ പ്രവേശിക്കാനുള്ള വഴിയു മാണ് (4:12-11:1). അപ്പോൾ യൂദാനേതാക്കൾ അവനോട് നിഷേധാത്മകമായി പ്രതികരിച്ച് യേശുവിനെ നശിപ്പിക്കാൻ ശ്രമിക്കുന്നു (11:2-13:52). അതേസമയം യേശുവിന്റെ ശിഷ്യർ അവൻ ദൈവപുത്രനാണെന്ന് തിരിച്ചറിഞ്ഞ് അവനിൽ വിശ്വാസമർപ്പിക്കുന്നു. വിശ്വസിക്കുന്നവരുടെ സമൂഹത്തെ സഭയായി യേശു രൂപപ്പെടുത്തുന്നു. ഇതാണ് 14:1 - 18:35 വരെയുള്ള ഭാഗത്ത് വിവരിക്കുന്നത്. ഈ ഭാഗത്തെ ഏറ്റവും പ്രധാന സംഭവമാണ് ഇന്നത്തെ സുവിശേഷ ഭാഗം.

II. പ്രമേയം

യേശു നിനക്ക് ആരാണ്? ഇതാണ് ഇവിടത്തെ പ്രമേയം (16:13-15). യേശു വിനെ ദൈവപുത്രനായ ക്രിസ്തുവായി പത്രോസ് തിരിച്ചറിയുന്നു. അതൊരു വിശ്വാസമാണ്. പുറമേ കാണുന്നതിലും കൂടുതൽ ദർശിക്കാനുള്ള ഉൾക്കാഴ്ച. പക്ഷേ, ക്രിസ്തുവിന്റെ യഥാർത്ഥ സ്വഭാവം അവന്റെ പരോന്മുഖമായ കുരിശുമരണമാണ് (16:21-23). ഈ വിശ്വാസമെന്ന അടിസ്ഥാനത്തിന്മേലാണ് സഭ രൂപീകരിക്കപ്പെടുന്നത്. യേശുവിലുള്ള വിശ്വാസവും വിശ്വാസികളുടെ സമൂഹമായ സഭാക്കൂട്ടായ്മ യുമാണ് ഇവിടത്തെ പ്രമേയങ്ങൾ.

III. സന്ദേശം

1. ഈശോ പത്രോസിനോട് പറയുന്നത് അവൻ പാറയാണെന്നാണ്. ആ പാറമേൽ തന്റെ പള്ളി പണിയുമെന്നാണ് (16:18). എന്നാൽ ഇത് യാഥാർ ത്ഥ്യവുമായി ഒത്തുപോകുന്ന കാഴ്ചപ്പാടല്ല. പത്രോസ് നിരക്ഷരനായ മുക്കു വനും, വേലക്കാരി പെണ്ണിന്റെ മുമ്പിൽ ചൂളിപ്പോകുന്ന ചഞ്ചലനുമാണ്. ആ പത്രോസിനെയാണ് ഈശോ പാറയായി കാണുന്നത്. അത് പത്രോസിനെ ക്കുറിച്ചുള്ള ക്രിസ്തുവിന്റെ കാഴ്ചപ്പാടാണ്. പത്രോസ് എത്തിച്ചേരേണ്ട സാധ്യതകളുടെ അങ്ങേയറ്റമാണിത് - ക്രിസ്തുവിന് പത്രോസിനെക്കുറിച്ചുള്ള

കാഴ്ചപ്പാട്. നിന്നെക്കുറിച്ചും ക്രിസ്തുവിന് ഒരു കാഴ്ചപ്പാടുണ്ട്. ക്രിസ്തുവിന്റെ കണ്ണുകളിലൂടെ നിന്നെത്തന്നെ നോക്കിക്കാണാൻ നിനക്ക് സാധിക്കണം. എന്നിട്ട്, ക്രിസ്തുവിന് നിന്നെക്കുറിച്ചുള്ള കാഴ്ചപ്പാടിലേക്ക് വളർന്നു കയറാനും സാധിക്കണം. അപ്പോഴാണ്, നിന്റെ ജീവിതം സാർത്ഥകമാകുന്നത്.

2. ഫരിസേയരും സദുക്കായരും സ്വർഗത്തിൽ നിന്ന് അടയാളം അന്വേഷിക്കുകയും (16:1) അവരുടെ അവിശ്വാസത്തെ പുളിമാവായി യേശു ചിത്രീകരിക്കുകയും (16:5, 12) ചെയ്ത ശേഷമാണ് അവൻ ശിഷ്യരോട് തന്നെക്കുറിച്ച് തന്നെ ചോദിക്കുന്നത് (16:13, 16). ഫരിസേയരും സദുക്കായരും യേശുവിനെ അവിശ്വസിക്കുന്നു; ജനങ്ങൾ അവനാരാണെന്നതിനെക്കുറിച്ച് പലവിധ സങ്കല്പങ്ങൾ കൊണ്ടുനടക്കുന്നു (16:14). എന്നാൽ ശിഷ്യരാണ് അവൻ യഥാർത്ഥത്തിൽ ആരാണെന്ന് ശരിയായി മനസ്സിലാക്കുന്നത് (16:16). നീയും അനുകരിക്കേണ്ട മാതൃകയാണിത്. പലരും നിന്നെ മനസിലാക്കാതെ സംശയിച്ചെന്നിരിക്കും. ചിലരൊക്കെ നിന്നെ അല്പസ്വല്പം മനസ്സിലാക്കിയെന്നിരിക്കും. അപ്പോഴൊക്കെ നിന്നെ ശരിക്കു മനസ്സിലാക്കുന്ന കുറെപേരെ കൂടെ നിർത്തുകയാണ് നീ ചെയ്യേണ്ടത്. നിന്നെ പൂർണ്ണമായും മനസ്സിലാക്കുന്ന ഹൃദയബന്ധങ്ങൾ നിനക്കുണ്ടോ? അത്തരം ഹൃദയബന്ധങ്ങളെ തിരിച്ചറിയാനും വളർത്തിയെടുക്കാനും നിനക്കു കഴിയണം.

3. പൊതുജനം യേശുവിനെക്കുറിച്ച് മൂന്ന് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് പറയുന്നത്. അതിന്നിടയിലും പത്രോസ് സംശയലേശമെന്യേ അവൻ ദൈവപുത്രനാണെന്ന് പറയുന്നു. നിന്റെ പ്രിയരോടുള്ള നിന്റെ സമീപനത്തിലും നീ സ്വീകരിക്കേണ്ട സമീപനമിതാണ്. നിന്റെ പ്രിയനെക്കുറിച്ച്/പ്രിയയെക്കുറിച്ച് പലരും പലതും പറഞ്ഞെന്നിരിക്കും. പക്ഷെ അതിന്റെ മുമ്പിലൊന്നും ആ വ്യക്തിയെക്കുറിച്ചുള്ള നിന്റെ അഭിപ്രായത്തിനും ബോധ്യത്തിനും ഒരു കുലുക്കവുമുണ്ടാകരുത്, മാറ്റവുമുണ്ടാകരുത്. അവനെക്കുറിച്ച്/അവളെക്കുറിച്ചുള്ള നിന്റെ അനുഭവവും ബോധ്യവും സാക്ഷ്യപ്പെടുത്താൻ തയ്യാറാകുന്നിടത്താണ് നീ ഭാഗ്യവാൻ ആകുന്നത് (16:17). ഒരാളെ ശരിയായി മനസ്സിലാക്കുകയും അത് അയാൾക്ക് മനസ്സിലാകുന്ന രീതിയിൽ പ്രകടിപ്പിക്കുകയും ചെയ്യുമ്പോഴാണ് നീ ഭാഗ്യവാനോ ഭാഗ്യവതിയോ ആകുന്നത്.

ഡോ. ജേക്കബ് നാലുപറയിൽ എംസിബിഎസ്

പ്രസംഗം

അറിവിന്റെ കുറവും അനുഭവത്തിന്റെ പള്ളിയും

18 വർഷങ്ങൾക്കു മുമ്പ് ഒരു കത്തോലിക്കാ യുവതി 'സത്യദീപം' പത്രാധിപർക്ക് ഒരു കത്തെഴുതി. ആ കത്തിന്റെ ഉള്ളടക്കം ഏതാണ്ട് ഇപ്രകാരം ആയിരുന്നു. "വിജയകരമായ രീതിയിൽ വേദപഠനം പൂർത്തിയാക്കിയ വ്യക്തി

യാണ് ഞാൻ. പല വേദോപദേശ ക്ലാസ്സുകളിലും രൂപതയിൽ ഒന്നാം റാങ്കുകാരിയായിരുന്നു. ഇപ്പോൾ വിദേശത്ത്, മറ്റു മതസ്ഥർ ഏറെയുള്ള ഒരു രാജ്യത്ത് ജോലി ചെയ്യുന്നു. ഞാൻ ഒരു കത്തോലിക്കാ യുവതിയാണെന്ന് അറിഞ്ഞ്, എന്റെ വിശ്വാസത്തെ ചോദ്യം ചെയ്യുന്ന അവർക്കിടയിൽ ഞാൻ ചൂളിപ്പോകുന്നു. ക്രിസ്തുവിനെക്കുറിച്ചും സഭയുടെ പ്രവർത്തന രീതികളെക്കുറിച്ചും കൂദാശകളെക്കുറിച്ചും ഒക്കെ ഞാൻ വിശദീകരിക്കാൻ ശ്രമിക്കുന്ന കാര്യങ്ങൾ ഒന്നും തന്നെ അവർക്കു തൃപ്തികരമല്ല എന്നു മാത്രമല്ല, എന്റെ 'ബോധ്യ' ങ്ങളില്ലായ്മയെക്കുറിച്ച് ഞാൻ തിരിച്ചറിയുകയും ചെയ്യുന്നു. ചിലപ്പോൾ അവർ ഉന്നയിക്കുന്ന ചോദ്യങ്ങൾ എന്നെ ആശയക്കുഴപ്പത്തിൽ ആക്കുകയും ചെയ്യുന്നു."

പന്ത്രണ്ട് വർഷം കൃത്യമായി വിജയകരമായി വേദോപദേശം പൂർത്തിയാക്കിയ ആ പെൺകുട്ടിയുടെ കത്ത്, നമ്മുടെ വിശ്വാസ പരിശീലന രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് സൂചിപ്പിക്കാനായിരുന്നു. കൃത്യമായും വ്യക്തമായും ശക്തമായും ശൈലീബദ്ധമായും അച്ചടക്കത്തോടെ വേദോപദേശ ക്ലാസ്സുകളിലും പള്ളിയുടെ മറ്റിടങ്ങളിലും നാം ക്രിസ്തുവിനെക്കുറിച്ചു പറയുന്നുണ്ട്. പക്ഷേ ക്രിസ്ത്വാനുഭവം ക്ലാസ്സ് മുറിയിൽ നിന്നും കിട്ടുന്നില്ല. അറിവിൽ ഒരു കുറവുണ്ട്.

ഇന്നത്തെ സുവിശേഷത്തിൽ യേശുവിന്റെ ചോദ്യത്തിന്റെ ഒന്നാം ഭാഗത്ത് ലഭിക്കുന്ന ഉത്തരങ്ങൾ അറിവിന്റേതാണ്. ഞാൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നത്? ശിഷ്യന്മാർ തുടർന്നു പറയുന്നത് നാട്ടുകാർ ക്രിസ്തുവിനെക്കുറിച്ച് പറയുന്നതാണ് (about Christ). ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്. ഒരുമിച്ച് സഞ്ചരിച്ച, ഒരുമിച്ച് ഭക്ഷണം കഴിച്ച, ഒരു കൂരയ്ക്കു കീഴിൽ അന്തിയുറങ്ങിയ അവന്റെ മജ്ജയും മാംസവും പങ്കിട്ടെടുത്തവരോടാണ് ചോദ്യം. പത്രോസിന്റെ ഉത്തരം അനുഭവത്തിന്റേതായിരുന്നു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്." പത്രോസ് പറയാൻ ശ്രമിച്ച ഉത്തരമിതാണ്. "ഈശോയെ, നീ എന്റെ ദൈവമാണ്."

അനുഭവത്തിന്റെ ആഴത്തിലേക്ക് പ്രവേശിച്ച ആ ഉത്തരത്തിന്മേലാണ് സഭ പണിതുയർത്തപ്പെടുക. ക്രിസ്തുവിനെക്കുറിച്ചുള്ള അറിവിന്റെ മാനദണ്ഡമല്ല സഭയുടെ അടിസ്ഥാനം. ക്രിസ്ത്വാനുഭവത്തിന്മേലാണ് പള്ളികൾ ഉയരേണ്ടത്. 'പള്ളിക്കൂദാശ' ചെയ്യപ്പെടേണ്ടത് അറിവുള്ളവരുടെ ആൾക്കൂട്ടത്തിലല്ല, അനുഭവമുള്ളവരുടെ ചെറിയ അജഗണത്തിലാണ്.

പള്ളിക്കൂദാശ കാലത്തിലേക്ക് പ്രവേശിച്ച് പ്രാർത്ഥനാ ചൈതന്യത്തിൽ നിറയുന്ന ഈ നാളുകളിൽ അറിവിൽ നിന്നും അനുഭവത്തിലേക്കുള്ള നമ്മുടെ ദൂരത്തെ അളക്കാം. യഥാർത്ഥ ക്രൈസ്തവ സാക്ഷ്യം നൽകാൻ തക്കവിധം ചൂടും ചൂരുമുള്ള ക്രിസ്ത്വാനുഭവത്താൽ സ്നാനം ചെയ്യപ്പെട്ടവനാണോ ഞാൻ? ഈ അനുഭവതലത്തിലേക്ക് എത്തിച്ചേരാനുള്ള മൂന്നു ഘട്ടങ്ങളുണ്ട്.

1. അവനെക്കുറിച്ചുള്ള കേൾവി: മാതാപിതാക്കളിൽ നിന്നും വൈദികരിൽ നിന്നും ധ്യാനഗുരുക്കന്മാരിൽ നിന്നും ഒക്കെ കുഞ്ഞുനാൾ തൊട്ട് കേട്ടത് എന്റെ ബുദ്ധിയെ സ്വാധീനിച്ചിട്ടുണ്ട്. വിശ്വാസം കേൾവിയിൽ നിന്നു രൂപപ്പെടുന്നു എന്നൊക്കെ പൗലോസ് ശ്ലീഹാ പറയുന്നത് ഇതിനെക്കറിച്ചാണ്. നിരന്തരം 'അവനെ' കേൾക്കാൻ, വായിക്കാൻ താത്പര്യം കാണിക്കുക.

2. എന്റെ അന്വേഷണം: ഞാൻ താത്പര്യമെടുത്ത് നടത്തുന്ന ചില പരിശ്രമങ്ങൾ, യാത്രകൾ, വായനകൾ, ധ്യാനങ്ങൾ! ക്രിസ്തുവിന്റെ പിറകെ യോഹന്നാന്റെ ശിഷ്യന്മാർ കടന്നു ചെന്നതു പോലുള്ള പരിശ്രമം! ക്രിസ്തു തിരിഞ്ഞ് അവരോട് ചോദിച്ചു, "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" ക്രിസ്ത്വാനുഭവത്തിന്റെ ആഴത്തിൽ ആയിരിക്കുന്ന ചില നല്ല വ്യക്തികളുണ്ട് നമ്മുടെ ചുറ്റിലും. അവരുടെ കൂടെയൊക്കെ സമയം ചെലവഴിക്കുക. പൊട്ട കൂട്ടുകെട്ടുകളിലും അർത്ഥമില്ലാത്ത നർമ്മ സംഭാഷണങ്ങളിലും വിനോദം മാത്രം പകരുന്ന കാഴ്ചകളിലും മുഖരിതരാവാതെ കുറച്ചു കൂടി ഗൗരവത്തിൽ, ധ്യാനാത്മകമായി എന്റെ വിശ്വാസത്തെ ആഴപ്പെടുത്താനുള്ള പരിശ്രമങ്ങളിൽ ഏർപ്പെടുക. അന്വേഷിക്കുന്നവൻ മാത്രമേ കണ്ടെത്തുകയുള്ളൂ.

3. വ്യക്തിപരമായ കണ്ടുമുട്ടൽ: പ്രാർത്ഥനയെന്ന ചെറിയ വാക്കു തന്നെയാണ് ആ കണ്ടുമുട്ടലിനെ സഹായിക്കുന്ന പ്രക്രിയ. എന്റെ വിശ്വാസത്തിനു കാരണമായ ക്രിസ്തുവിന്റെ പാദാന്തികത്തിൽ സ്വയം സമർപ്പിക്കുക. പലവിധ കാര്യങ്ങളെക്കുറിച്ച് വ്യഗ്രചിത്തയാവാതെ, നല്ല ഭാഗം തിരഞ്ഞെടുത്ത മറിയത്തെ പോലുള്ള ഒരു സമർപ്പണ പ്രക്രിയ! വ്യക്തിപരമായ പ്രാർത്ഥനയിലൂടെ രൂപപ്പെടുന്ന ബോധ്യത്തിലേക്ക് പ്രവേശിക്കുക എന്നത് തന്നെയാണ് പ്രധാനം. ഒരു പേമാരിക്കും കൊടുങ്കാറ്റിനും വെള്ളപ്പൊക്കത്തിനും (ഒരു വെല്ലുവിളിക്കും പ്രലോഭനത്തിനും പ്രതികൂല സാഹചര്യങ്ങൾക്കും) തകർക്കാനാവാത്ത രീതിയിൽ അനുഭവത്തിന്റെ പാറപ്പുറത്തുള്ള ഒരു വീട് പണിയൽ ഓരോരുത്തരും നടത്തുമ്പോഴാണ് സഭ, യഥാർത്ഥത്തിൽ സകല നന്മകളും സൗഭാഗ്യങ്ങളും നിറഞ്ഞ് മുടി ചൂടി നിൽക്കുന്ന അവസ്ഥ സംജാതമാവുക.

മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ പിതാവാണ് നിനക്കിതു വെളിപ്പെടുത്തി തന്നത്. ഇത്തരമൊരു വെളിപാടായിരിക്കണം നമ്മുടെ വിശ്വാസ ജീവിതത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും കാരണം. ബോധ്യങ്ങളില്ലാതെയാവുന്നത് അനുഭവത്തിന്റെ ചൂട് ഇല്ലാത്തതു കൊണ്ടാണ്.

ഫാ. വർഗീസ് തൊട്ടിയിൽ